**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3737** **02-03-2023 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെങ്കിലും സ്കോളർഷിപ്പുകൾ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (എ) | **സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികളുടെ പേര് വിവരങ്ങൾ അനുബന്ധം -1ആയി ചേർക്കുന്നു. പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.** |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം 2021 -22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | **2021 -22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ച് അനുബന്ധം 2-ആയി ചേർക്കുന്നു** |
| (സി) | സ്കോളർഷിപ്പിനായി 2021-22, 2022-23 വർഷങ്ങളിൽ നീക്കിവെച്ച തുക എത്രയാണെന്നും നടപ്പ് സാമ്പത്തിക വർഷം അധിക തുക നീക്കിവെച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (സി) | സ്കോളർഷിപ്പിനായി 2021-22, 2022-23 വർഷങ്ങളിൽ നീക്കിവെച്ച തുകയുടേയും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ അധിക തുകയുടെയും വിശാദാംശങ്ങളും അനുബന്ധം 3-ആയി ചേർക്കുന്നു. |
| (ഡി) | സ്കോളർഷിപ്പ് വിഹിതം സംബന്ധിച്ച് സമുദായം തിരിച്ചുള്ള അനുപാതം തയാറാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ സമുദായങ്ങൾക്കുമുള്ള അനുപാതം എത്രയെന്ന് അറിയിക്കുമോ; | (ഡി) | തയ്യാറാക്കിയിട്ടുണ്ട്. 16.07.2021- ാം തീയതിയിലെ സ.ഉ(കൈ) നമ്പർ 135/2021/പൊഭവ ഉത്തരവ് പ്രകാരം, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകളുടെ അനുപാതം 2011– ലെ സെൻസസ് പ്രകാരം ജനസംഖ്യാ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യൻ(18.38%),മുസ്ലീം(26.56%), ബുദ്ധ (0.01%), ജൈന (0.01%), സിഖ് (0.01%), പാഴ്സി(0.01%) എന്നിവർക്ക് നൽകുന്നതിനും ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽ നിന്നും അർഹരായ അപേക്ഷകർ |

| | | | |
|---|---|---|---|
| | | | ഉള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുത് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ വർഷത്തെ സ്കോളർഷിപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഇ) | ഈ വർഷത്തെ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. അപേക്ഷകൾ സ്ഥാപനമേധാവികളുടെ തലത്തിൽ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. 07.03.2023 -ന് ശേഷം സൂക്ഷ്മ പരിശോധന കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷകളിൻമേൽ നിശ്ചിയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് സ്കോളർഷിപ്പ് വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ

1. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്
2. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്
3. സി.എ/സി.എം.എ/ സി.എസ് എന്നീ കോഴ്സുകൾക്ക് പഠിയ്ക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
4. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ സ്റ്റൈപന്റ് റീ-ഇംബേഴ്സ്മെന്റ് പദ്ധതി.
5. ഐ.റ്റി.ഐ വിദ്യാർത്ഥികൾക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് പദ്ധതി.
6. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്
7. മദർ തെരേസ സ്കോളർഷിപ്പ്
8. എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്
9. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്.
10. ജി.എസ്.ടി. പി.ജി. ഡിപ്ലോമ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
11. യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ് പ്രോഗ്രാം.
12. എൻ.റ്റി.എസ്.ഇ. കോച്ചിംഗ്.

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**

അനുബന്ധം - 2

## 2021 -22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം | സ്കോളർഷിപ്പിന്റെ പേര് | (മുസ്ലീം) | | | (ക്രിസ്ത്യൻ) | | | മറ്റ് വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി/പ്ലസ്. ടു/യു.ജി/പി.ജി) | 25828 | 23717 | 2549 | 13729 | 12013 | 1764 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികളും, ജൈന മത വിഭാഗത്തിൽ നിന്നും 4 വിദ്യാർത്ഥികളും അപേക്ഷിച്ചിട്ടുണ്ട്. രണ്ട് മത വിഭാഗത്തിൽ നിന്നും ജനസംഖ്യാനുപാതികമായി ഓരോ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| 2 | സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് | 655 | 402 | 126 | 432 | 263 | 86 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികൾക്ക് അപ്രൂവൽ നൽകിയിട്ടില്ല |
| 3 | പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംബേഴ്സ് മെന്റ് സ്കീം | 3435 | 2879 | 2102 | 1276 | 1003 | 994 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥിയ്ക്ക് അപ്രൂവൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | നൽകിയിട്ടില്ല. |
| 4 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 10016 | 8217 | 5375 | 873 | 592 | 490 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും, സിഖ് മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും അപേക്ഷിച്ചിട്ടുണ്ട്. സിഖ് മത വിഭാഗത്തിൽനിന്നു 1 വിദ്യാർത്ഥിയെ സ്കോളർഷിപ്പിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 5609 | 5220 | 5220 | 212 | 192 | 192 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |
| 5 | സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെന്റ് സ്കീം | 37 | 32 | 32 | 28 | 21 | 21 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 6 | ഉർദ്ദു സ്കോളർഷിപ്പ് | 551 | 375 | 375 | 6 | 4 | 4 | ടി സ്കോളർഷിപ്പ് എല്ലാ മത വിഭാഗങ്ങൾക്കും നൽകുന്നു. ഹിന്ദു മത വിഭാഗത്തിൽ നിന്നും 5 വിദ്യാർത്ഥികളും അപേക്ഷിച്ചിട്ടുണ്ട്. 5 വിദ്യാർത്ഥികളേയും സ്കോളർഷിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| 7 | മദർതേരേസ സ്കോളർഷിപ്പ് | 463 | 395 | 262 | 217 | 132 | 124 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് | 1139 | 728 | 693 | 564 | 344 | 327 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവികൾ വെരിഫിക്കേഷനും അപ്രൂവലും നൽകിയിട്ടില്ല |
| 9 | പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി | 37 | 8 | 8 | 17 | 10 | 10 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 10 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 50 | 8 | 7 | 234 | 62 | 6 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**

അനുബന്ധം -3

| ക്രമ.നം | പദ്ധതിയുടെ പേര് | 2021-22 ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ) | G.O. (MS) No.135/ 2021/GAD നമ്പർ പ്രകാരം അധികമായി ലഭിച്ച തുക (തുക ലക്ഷത്തിൽ) | 2021-22 അനുവദിച്ച ആകെ തുക (തുക ലക്ഷത്തിൽ) | 2022-23 അനുവദിച്ച തുക(തുക ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് | 800 | 285 | 1085 | 800 |
| 2 | സി.എ/ ഐ.സി. ഡബ്ല്യൂ എ/ സി.എസ് സ്കോളർഷിപ്പ്, പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.റ്റി., യു. ജിസി/ സി. എസ്. ഐ. ആർ നെറ്റ് കോച്ചിംഗ് പ്രോഗ്രാം, എൻ.ടി.എസ്.ഇ | 45 | 17 | 62 | 62 |
| 3 | സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് / സിവിൽ സർവ്വീസ് ഫീ – റീ ഇംമ്പേഴ്സ്മെന്റ് സ്കീം/ വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 480 | 172 | 652 | 652 |
| 4 | മദർതേരസ സ്കോളർഷിപ്പ് | 50 | 18 | 68 | 68 |
| 5 | എ.പി.ജെ അബ്ദുൽ | 60 | 22 | 82 | 82 |

| | | | | | |
|---|---|---|---|---|---|
| | കലാം സ്കോളർഷിപ്പ് | | | | |
| 6 | പ്രൈവറ്റ് ഐ.റ്റി.ഐ – കളിൽ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് | 296 | 106 | 402 | 402 |
| | **ആകെ** | **1731** | **620** | **2351** | **2066** |

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**